## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2626** **20/06/2013-ൽ മറുപടിക്ക്**

**<u>പരീക്ഷാഭവനിലെ അധികജോലി</u>**

<u>ചോദ്യം</u>

ശ്രീ. പി.എ. മാധവൻ

<u>ഉത്തരം</u>

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതിനായി പരീക്ഷാഭവനിൽ പ്രതിമാസം എത്ര അപേക്ഷകൾ വീതം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(എ) പൊതുപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തലുകളുമായി ബന്ധപ്പെട്ട് പ്രതിമാസം 8200-ൽ പരം അപേക്ഷകൾ ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിനായി ജില്ലകളിൽ അദാലത്തുകൾ നടത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ജില്ലകളിൽ അദാലത്തുകൾ നടത്തിയെന്നും ഓരോ ജില്ലകളിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അറിയിക്കാമോ;

(ബി) അദാലത്തുകൾ നടത്തുന്നുണ്ട്. ഇതുവരെ 8 ജില്ലകളിൽ അദാലത്ത് നടത്തിയിട്ടുണ്ട്. ജില്ലകളുടെ പേര്, ലഭിച്ച അപേക്ഷകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|
| മലപ്പുറം | 5516 |
| കണ്ണൂർ | 5456 |
| പത്തനംതിട്ട | 2020 |
| ഇടുക്കി | 1088 |
| കാസർഗോഡ് | 2099 |
| വയനാട് | 1344 |
| തൃശ്ശൂർ | 3135 |
| കോഴിക്കോട് | 2020 |

(സി) അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ

(സി) അദാലത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ ദൈനംദിന ആഫീസ് കൃത്യനിർവ്വഹണത്തിനോടൊപ്പം തീർപ്പ് കല്പിച്ച് പ്രഖ്യാപിത

| | |
|---|---|
| സ്വീകരിച്ചുവെന്ന് അറിയിക്കാമോ; ജീവനക്കാരുടെ കുറവു മൂലം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | സമയ പരിധിക്കുള്ളിൽ സർട്ടിഫിക്കറ്റ് വിതരണം നടത്തുവാൻ കാലതാമസം നേരിടും എന്നുള്ളതിനാൽ രാവിലെ ആഫീസ് സമയത്തിന് മുൻപ് 2 മണിക്കൂറും, ആഫീസ് സമയത്തിന് ശേഷം 1 മണിക്കൂറും, അവധി ദിനങ്ങളും പ്രയോജനപ്പെടുത്തിയാണ് തീർപ്പാക്കിവരുന്നത്. ജീവനക്കാരുടെ കുറവുമൂലം കാലതാമസം ഉണ്ടാകാതിരിക്കാനായി പൊതുപരീക്ഷയുമായി ബന്ധപ്പെട്ട ഡേറ്റാഎൻട്രി ജോലികൾ ദിവസവേതനാടിസ്ഥാനത്തിൽ നിർവ്വഹിച്ചുവന്നിരുന്ന ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തി വരുന്നു. |
| (ഡി) മലപ്പുറം ജില്ലയിൽ ആദ്യത്തെ അദാലത്ത് മുതൽ സർക്കാർ നടപടികളിൽ പൂർണ്ണമായും സഹകരിക്കുകയും അവധി ദിവസങ്ങളിൽ പോലും ജോലികൾ ചെയ്യുന്നവരുമായ പരീക്ഷാഭവൻ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നത് പരിഗണിക്കുമോ;<br>(ഇ) അധികജോലി ചെയ്യുന്ന ബന്ധപ്പെട്ട ജീവനക്കാർക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച ഫയൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ? | <u>(ഡി) & (ഇ)</u><br>അദാലത്തിൽ ലഭിച്ച അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിന് ആഫീസ് സമയത്തിന് മുമ്പും ശേഷവും അവധി ദിനങ്ങളിലും ജോലിചെയ്യുന്നതിന് അധികസമയബത്ത അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

Sreedevi

**സെക്ഷൻ ഓഫീസർ**